കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വള്ളിക്കാപ്പറ്റയിൽ പ്രവർത്തിക്കുന്ന കേരള അന്ധ വിദ്യാലയം എന്ന എയ്ഡഡ് സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.3915/17/ തസ്വഭവ                    തിരുവനന്തപുരം, തീയതി, 05.12.2017.

വായന:- 1 . ശ്രീ. റ്റി. എ. അഹമ്മദ് കബീർ എം.എൽ.എ യുടെ 17/10/2017 ലെ നം.190/mankada/2016 നമ്പർ കത്ത്.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 15/11/2017 ലെ 4.47 നമ്പർ തീരുമാനം

## ഉത്തരവ്

മലപ്പുറം ജില്ലയിലെ വള്ളിക്കാപ്പറ്റയിൽ പ്രവർത്തിക്കുന്ന കേരള അന്ധ വിദ്യാലയം എന്ന എയ്ഡഡ് സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിന് ജില്ലാ പഞ്ചായത്ത് 2017-18-ൽ 40,94,109/- രൂപ (പ്രോ.നം. 1599/18) വകയിരുത്തി തയ്യാറാക്കിയ പ്രോജക്റ്റിന് ജില്ലാ ആസൂത്രണസമിതി അംഗീകാരം നൽകിയിരുന്നെന്നും ടി പ്രോജക്റ്റ് നടപ്പാക്കാൻ അനുമതി നല്കണമെന്നും വായന (1) ലെ കത്തിലൂടെ ശ്രീ. റ്റി. എ. അഹമ്മദ് കബീർ എം.എൽ.എ ആവശ്യപ്പെടുകയുണ്ടായി. ഇക്കാര്യം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരിശോധിക്കുകയും എയ്ഡഡ് സ്കൂളിന്റെ ഗണത്തിൽ വരും എങ്കിലും അന്ധവിദ്യാലയമായതിനാൽ പ്രത്യേക പരിഗണന നൽകി പ്രോജക്റ്റ് നടപ്പാക്കാൻ അനുമതി നല്കുന്നതിന് വായന (2) പ്രകാരം കമ്മിറ്റി തീരുമാനിക്കുകയും ചെയ്തു.

2) ഈ സാഹചര്യത്തിൽ 2017-18 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി 40,94,109/- രൂപ (പ്രോ.നം. 1599/18) വകയിരുത്തിയിട്ടുള്ള മലപ്പുറം ജില്ലയിലെ വള്ളിക്കാപ്പറ്റയിൽ പ്രവർത്തിക്കുന്ന കേരള അന്ധ വിദ്യാലയം എന്ന എയ്ഡഡ് സ്കൂളിന് ഒരു അന്ധവിദ്യാലയം എന്ന പ്രത്യേക പരിഗണന നൽകി അന്ധരും ബധിരരുമായ കുട്ടികളുടെ ക്ലാസ്സിനും താമസത്തിനും ആവശ്യമായ സൗകര്യങ്ങളോടു കൂടിയ കെട്ടിടം നിർമ്മാണം എന്ന പ്രോജക്റ്റ്, നിർമ്മാണം ജില്ലാ പഞ്ചായത്ത് വിഹിതം ഉപയോഗിച്ചായതിനാൽ കെട്ടിടം കൈമാറ്റം ചെയ്യപ്പെടാവുന്നതല്ല എന്ന വ്യവസ്ഥയോടെ, നടപ്പാക്കുന്നതിന് മലപ്പുറം ജില്ലാ പഞ്ചായത്തിന് അനുമതി നല്കി ഉത്തരവാകുന്നു .

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ , തിരുവനന്തപുരം
പ്രസിഡന്റ്/സെക്രട്ടറി, മലപ്പുറം ജില്ലാപഞ്ചായത്ത്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
തദ്ദേശസ്വയംഭരണ (ഒ . എസ് ) വകുപ്പ് , ഡിബി2/381/17
തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ